പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 89 — 01/03/2017-ലെ മറുപടിയ്ക്ക്.

## എസ്.സി.പി., റ്റി.എസ്.പി. പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ<br>ശ്രീ. കെ. കൃഷ്ണൻകുട്ടി<br>ശ്രീ. സി.കെ. നാണു<br>ശ്രീ. കെ.ബി. ഗണേഷ് കുമാർ | ശ്രീ.എ.കെ. ബാലൻ<br>പട്ടികജാതി- പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് എസ്.സി.പി., റ്റി.എസ്.പി., എന്നിവയിലായി ഈ സാമ്പത്തിക വർഷം ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത് എന്ന് വിശദീകരിക്കാമോ ; | (എ) | പട്ടികജാതി വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ<br>1. ഭൂരഹിത പുനരധിവാസ പദ്ധതി.<br>2. ഭവന നിർമ്മാണ പദ്ധതി/ഭവന പുനരുദ്ധാരണ പദ്ധതികൾ.<br>3. ദുർബലവിഭാഗക്കാരുടെ ക്ഷേമത്തിനായുള്ള ധനസഹായ പദ്ധതി.<br>4. വിവിധ വകുപ്പുകൾ സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ - പൂൾഡ് ഫണ്ടിൽ നിന്നുള്ള ധനസഹായ പദ്ധതികൾ.<br>5. പി.സി.ആർ. ആക്ട്, പി.ഒ.എ. ആക്ട്<br>6. കോർപ്പസ് ഫണ്ട് (ജില്ലകൾക്കുള്ള 1/3rd കോർപ്പസ് ഫണ്ട്, ചികിത്സാധനസഹായം, വകുപ്പ് നേരിട്ട് നടത്തുന്ന മറ്റു പദ്ധതികൾ)<br>7. മോഡൽ റസിഡൻഷ്യൽ സ്കൂളുകളുടെയും അയ്യങ്കാളി മെമ്മോറിയൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ വെള്ളായണി മാനേജ്മെന്റിനുള്ള പദ്ധതികൾ.<br>8. പട്ടികജാതിക്കാരുടെ വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്നതിനുള്ള പദ്ധതി.<br>9. എസ്.സി. എസ്.റ്റി. ഫെഡറേഷനുള്ള ധനസഹായം.<br>10. വിവാഹ ധനസഹായ പദ്ധതി.<br>11. പട്ടികജാതി വികസന നവീകരണം.<br>12. പട്ടികജാതി യുവതി/യുവാക്കൾക്ക് സ്വയം തൊഴിലും നൈപുണ്യ വികസന പരിശീലനത്തിനുമുള്ള സഹായം.<br>13. പട്ടികജാതി യുവതി/യുവാക്കൾക്ക് വിദേശ ധനസഹായ പദ്ധതി<br>14. സ്വയം പര്യാപ്ത ഗ്രാമ പദ്ധതി<br>15. പട്ടികജാതി യുവതി/യുവാക്കൾക്ക് സ്വയം തൊഴിൽ വായ്പാ പദ്ധതി<br>16. മിശ്രവിവാഹ ധനസഹായം |

| | | | |
|---|---|---|---|
| | | | പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ<br>1. വിദ്യാർത്ഥികൾക്കുള്ള പ്രോത്സാഹനവും സഹായവും.<br>2. പട്ടികവർഗ്ഗ ക്ഷേമ സ്ഥാപനങ്ങൾക്കുള്ള സഹായം.<br>3. വിദ്യാഭ്യാസ വിവരവിനിമയ പദ്ധതി (ഐ.ഇ.സി).<br>4. പട്ടികവർഗ്ഗ വികസന വകുപ്പ് നവീകരണം.<br>5. ആദികലാഗ്രാമം.<br>6. പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായുള്ള സഹായം.<br>7. ഭക്ഷണ സഹായ പദ്ധതി.<br>8. സമഗ്ര പട്ടികവർഗ്ഗ ആരോഗ്യ സംരക്ഷണം.<br>9. ഭവന നിർമ്മാണം.<br>10. ട്രൈബൽ പ്രൊമോട്ടർമാർക്കുള്ള ഓണറേറിയം.<br>11. ചെറു സങ്കേതങ്ങളുടെ വികസന പദ്ധതി. (ഹാംലറ്റ് പദ്ധതി).<br>12. കോർപ്പസ് ഫണ്ട്, റ്റി.എസ്.പി. ഫണ്ട്, റ്റി.ആർ.ഡി.എം (ഭൂരഹിതരായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം), പൂൾഡ് ഫണ്ട്, ആർട്ടിക്കിൾ 275 (1) പ്രകാരമുള്ള ഗ്രാന്റ് ഇൻ എയ്ഡ് പദ്ധതി.<br>13. പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയം തൊഴിലും നൈപുണ്യ വികസന പരിശീലനത്തിനുമുള്ള സഹായം.<br>14. അടിയാൻ, പണിയൻ പ്രാക്തന ഗോത്രവർഗ്ഗക്കാർ വനത്തിൽ ജീവിക്കുന്ന പട്ടിക വർഗ്ഗക്കാർ എന്നിവർക്കുള്ള പ്രത്യേക പരിപാടി.<br>15. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ഓഹരി മൂലധനം - ടി.എസ്.പി (51 % സംസ്ഥാന വിഹിതം).<br>16. കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ട് (കിർത്താഡ്സ്) ധനസഹായ പദ്ധതി.<br>പ്രത്യേക കേന്ദ്ര ധനസഹായപദ്ധതികളും പട്ടികജാതി വിഭാഗക്കാരുടെ വികസനത്തിനായി നടപ്പിലാക്കി വരുന്നു. |
| (ബി)<br><br>(സി) | ഈ പദ്ധതികൾ കേന്ദ്ര സർക്കാർ നിർത്തലാക്കാൻ പോകുന്നതായിട്ടുള്ള വിവരം ലഭിച്ചിട്ടുണ്ടോ ;<br>എങ്കിൽ ഇത് പ്രതിരോധിക്കാൻ സംസ്ഥാന സർക്കാർ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ ? | (ബി)<br>&<br>(സി) | കേന്ദ്രാവിഷ്കൃത പദ്ധതികൾ നിർത്തലാക്കുന്നത് സംബന്ധിച്ച് അറിയിപ്പ് ലഭിച്ചിട്ടില്ല. എന്നാൽ നീതി ആയോഗ് വന്നതോടുകൂടി എസ്.സി.പി/ റ്റിഎസ്.പി. പദ്ധതികൾ നിർത്തലാക്കുമെന്ന ആശങ്കകൾ ഉയർന്നു വന്നിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിന്റെ ഔദ്യോഗിക അറിയിപ്പ് ലഭിക്കുന്ന മുറയ്ക്ക് അതുമായി ബന്ധപ്പെട്ട നിലപാട് സ്വീകരിക്കുന്നതാണ്. |

Rashmi

സെക്ഷൻ ഓഫീസർ